ഭരണഭാഷ – മാതൃഭാഷ

പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം
സിവിൽസ്റ്റേഷൻ പി.ഓ , കോഴിക്കോട്
പിൻ 673020
ഇ.മെയിൽ–ddpkzd@gmail.com
തീയതി:.17/03/2022

നമ്പർ DDPKKD/852/2022 B3

## ക്വട്ടേഷൻ നോട്ടീസ്

കോഴിക്കോട് ജില്ലയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ പ്രതിമാസ വാടകയടിസ്ഥാനത്തിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനും അതോടൊപ്പം കുടിവെള്ള വിതരണം മോണിറ്റർ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത്/ നഗരസഭാ ഓഫീസുകളിലും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും ജില്ലാ കലക്ടറേറ്റിലും /ജോയിന്റ് ഡയറക്ടർ ഓഫീസിലും സംവിധാനം ഒരുക്കുന്നതിനും തയ്യാറുള്ളതും ഇക്കാര്യത്തിൽ സർക്കാർ അംഗീകാരവും പരിചയവുമുള്ളവരുമായ സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ 26/03/2022 ന് ഉച്ചയ്ക്ക് 3 മണിക്കു മുൻപ് കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിക്കേണ്ടതും അന്നേ ദിവസം ഉച്ചയ്ക്ക് 3 മണിക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏതെങ്കിലും കാരണവശാൽ അന്നേദിവസം അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

**ക്വട്ടേഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും**

1. ഒരു വാഹനത്തിൽ സംവിധാനം ഒരുക്കി കൊടുക്കുന്നതിനുള്ള നിരക്കായിരിക്കും ക്വട്ടേഷനിൽ കാണിക്കേണ്ടത്.
2. ജില്ലാ ഓഫീസിലും കലക്ടറേറ്റിലും ഗ്രാമപഞ്ചായത്ത്/നഗരസഭാ ഓഫീസുകളിലും വാഹനങ്ങളുടെ നീക്കവും മറ്റും മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇതോടൊപ്പം തന്നെ ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം/വ്യക്തി ഏർപ്പെടുത്തേണ്ടതാണ്.
3. ജി.പി.എസ്. സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാര പത്രം, ഈ രംഗത്തെ പരിചയം സംബന്ധിച്ച രേഖകൾ എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്.
4. ഈ പദ്ധതി സംബന്ധിച്ച് നിലവിലുള്ളതും വരാവുന്നതുമായ സർക്കാർ നിയമങ്ങളും ഉത്തരവുകളും പാലിക്കുന്നതിന് ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം /വ്യക്തി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.
5. ഇക്കാര്യം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്ന് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. ( ഫോൺ:04952371916 )
6. ക്വട്ടേഷനുകൾ ഇ–മെയിലായും സ്വീകരിക്കുന്നതാണ്. ( E-mail - ddpkzd@gmail.com )

Office of the Deputy Director of Panchayats, Civil Station, Kozhikode

ABDUL LATHEEF A.V
PEN. 584689
Deputy Director of Panchayats
Civil Station P.O, Kozhikode

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്